07
2025
ഒക്ടോബർ
ചൊവ്വ
കന്നി 21

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 254 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-254 പേജ് 4. വില 2.00 രൂപ

02 ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ കുട്ടികൾക്ക് മരുന്ന് നൽകരുത്

03 ഗാസയുടെ അധികാരം വിട്ടുകൊടുത്തില്ലെങ്കിൽ ഹമാസിനെ തുടച്ചുനീക്കും

04 വിമാന സർവ്വീസുകൾ തിരിച്ചുകൊണ്ടു വരുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്

# വിഴിഞ്ഞം തുറമുഖത്തേക്കുള്ള തുരങ്കപാതയുടെ ടെൻഡർ ഉടൻ



തിരുവനന്തപുരം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭപ്പാതയ്ക്കായുള്ള ടെൻഡർ ഈ മാസം വിളിക്കും. സംസ്ഥാന സർക്കാരിന്റെ വിദഗ്ധ സമിതി കൊങ്കൺ റെയിൽ കോർപറേഷന് സമർപ്പിച്ച പദ്ധതിരേഖ പരിശോധിച്ച് അംഗീകാരം നൽകി. വിദഗ്ധ സമിതി നിർദേശിച്ച ചില മാറ്റങ്ങളോടെയാണ് ഡിപിആർ അംഗീകരിച്ചത്. ഈയാഴ്ചയോടെ ഡിപിആറിന് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചേക്കും. ഭരണാനുമതി ലഭിച്ചാലുടൻ ഉടൻ തന്നെ ടെൻഡർ ക്ഷണിക്കാനാണ് വിഴിഞ്ഞം സീപോർട്ട് ഇന്റ!ർനാഷണൽ ലിമിറ്റഡ് തീരുമാനിച്ചിരിക്കുന്നത്. മൂന്ന് മാസത്തിനുള്ളിൽ ടെൻഡറും അനുബന്ധ നടപടിക്രമങ്ങളും പൂർത്തിയാക്കി കോൺട്രാക്ടറുമായി കരാർ ഒപ്പിടും. മൂന്ന് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

കൊങ്കൺ റെയിൽവേ തയ്യാറാക്കിയ എൻജിനീയറിങ്, പ്രൊക്യുമെന്റ്, കൺട്രക്ഷൻ( ഇപിസി) ടെൻഡർ രേഖകൾ സർക്കാർ നിയോഗിച്ച സമിതി ഒരാഴ്ചക്കകം പരിശോധിക്കും. അംഗീകാരം ലഭിച്ചാൽ ഉടൻ ടെൻഡർ നടപടികളിലേക്ക് കടക്കും. ബാലരാമപുരം റെയിൽവേ സ്റ്റേഷൻ മുതൽ വിഴിഞ്ഞം തുറമുഖം വരെ 10. 76 കിലോമീറ്റർ ദൂരത്തിലാണ് പാത. ഇതിൽ 9.5 കി.മീ ഭൂമിക്കടിയിലൂടെയാണ്. 1,402 കോടി രൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമാണച്ചുമതല കൊങ്കൺ റെയിൽവേയ്ക്കാണ്. ന്യൂ ഓസ്ട്രിയൻ ടണലിങ് മെതേഡ് (എൻഎടിഎം) ഉപയോഗിച്ചാകും ഭൂഗർഭപാത നിർമാണം. പ്രവൃത്തി തുടങ്ങി മൂന്നരവർഷം കൊണ്ട് പൂർത്തിയാക്കും.

നിർമാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് തിരുവനന്തപുരം ( വിസിൽ) 343 കോടിരൂപ ദക്ഷിണ റെയിൽവേയ്ക്കും ഭൂമി ഏറ്റെടുക്കുന്നതിനായി 190 കോടി രൂപ തിരുവനന്തപുരം കലക്ടർക്കും നൽകി. കൊങ്കൺ റെയിൽവേയ്ക്ക് 96.2 കോടിയും കൈമാറി. ബാലരാമപുരം സ്റ്റേഷന് സമീപത്തുനിന്ന് ടേബിൾ ടോപ്പ് രീതിയിലാവും ഭൂഗർഭപാതയുടെ നിർമാണം. . വിഴിഞ്ഞം ബാലരാമപുരം റോഡിന്റെ ഭൂനിരപ്പിൽനിന്ന് 25 30 മീറ്റർ എങ്കിലും താഴ്ചയിലൂടെയാകും നിർദിഷ്ട പാത കടന്നുപോവുക. സിംഗിൾലൈനായിരിക്കും. വിഴിഞ്ഞം തുറമുഖത്തിന് 150 മീറ്റർ അകലെവരെയാണിത്. അവിടെനിന്ന് തൂണുകളിലൂടെ 125 150 മീറ്റർ പാത നിർമിക്കും.

ചരക്കുനീക്കത്തിന് താൽക്കാലിക സംവിധാനം തുറമുഖത്തുനിന്നുള്ള ചരക്കുനീക്കത്തിനുള്ള താൽക്കാലിക റെയിൽവേ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ദക്ഷിണറെയിൽവേയുടെ ചീഫ് ട്രാഫിക് പ്ലാനിങ് മാനേജർ( സിടിപിഎം)എസ് അരുൺകുമാർ ബാലാജിയുടെ നേതൃത്വത്തിലുള്ള സംഘം ബാലരാമപുരവും വിഴിഞ്ഞവും സന്ദർശിച്ചു. ബാലരാമപുരത്തിനും നെയ്യാറ്റിൻകരയ്ക്കുമിടയിലായിരിക്കും താൽക്കാലിക സംവിധാനം. ട്രക്കുകളിൽ കണ്ടെയ്നർ കയറ്റി ഇവിടെ എത്തിച്ച് അവിടെനിന്ന് റെയിൽ മാർഗം കൊണ്ടുപോകും. വിഴിഞ്ഞത്തേക്കുള്ള കണ്ടെയ്നർ ട്രെയിനിൽ എത്തും. കണ്ടെയ്നർ സൂക്ഷിക്കാനുള്ള സംവിധാനവും ഒരുക്കും. കസ്റ്റംസിന്റെ അനുമതി ലഭിച്ചതിനെ തുടർന്ന് നവംബർ മുതൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആഭ്യന്തര ചരക്ക് കയറ്റിറക്കും തുടങ്ങും. ഇതിനോടകം 510 കപ്പലുകൾ വിഴിഞ്ഞത്ത് എത്തി. 10. 20 ലക്ഷത്തിലേറെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു.

## മാൽദീവിയൻ ഏവിയാറെപ്സിനെ ദക്ഷിണേന്ത്യൻ ജിഎസ്എ ആയി നിയമിച്ചു

തിരുവനന്തപുരം: മാലിദ്വീപിന്റെ ദേശീയ വിമാനക്കമ്പനി മാൽദീവിയൻ ദക്ഷിണേന്ത്യയുടെ ഔദ്യോഗിക ജനറൽ സെയിൽസ് ഏജന്റായി(ജിഎസ്എ) ഏവിയാറെപ്സ് ഇന്ത്യയെ നിയമിച്ചു. ഇന്ത്യൻ വിപണിയുമായുള്ള ബന്ധം ശക്തമാക്കുന്നതിന്റെയും മാലിദ്വീപിലേക്കുള്ള പ്രധാന കവാടമായി പ്രവർത്തിക്കുന്ന മേഖലയിൽ വ്യാപാര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായാണ് നിയമനം. മാലിദ്വീപ് സന്ദർശിക്കുന്ന യാത്രക്കാരുടെ എണ്ണത്തിൽ പ്രതിവർഷം 4.7 ശതമാനത്തിന്റെ വർധനവാണുള്ളത്. മാലിദ്വീപിന്റെ വിനോദസഞ്ചാര മേഖലയിൽ 5.7 ശതമാനം സംഭാവന നൽകി ആറാം സ്ഥാനത്തുള്ള ഇന്ത്യ അതിന്റെ തന്ത്രപരമായ പ്രാധാന്യം വീണ്ടും ഉറപ്പിക്കുകയാണ്. 2025 ൽ 20 ശതമാനം വളർച്ചയുണ്ടാകുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നത്.

## ആർസിഎം രൂപാന്തരൺ യാത്ര

തിരുവനന്തപുരം: ഡയറക്ട് സെല്ലിംഗ് കമ്പനിയായ ആർസിഎം രാജ്യവ്യാപകമായി നടത്തിവരുന്ന രൂപാന്തരൺ യാത്ര കൊച്ചിയിലെത്തി. ആർസിഎമ്മിന്റെ 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 75 നഗരങ്ങൾ പിന്നിട്ട് 25 പ്രധാന പരിപാടികൾ ഉൾപ്പെടെ 17,000 കിലോമീറ്റർ സഞ്ചരിക്കുന്ന 100 ദിവസത്തെ യാത്രയാണ് രൂപാന്തരൺ യാത്ര. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, ഹൈപ്പർടെൻഷൻ, തൈറോയിഡ് പ്രശ്നങ്ങൾ, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയവയെക്കുറിച്ച് അവബോധം വളർത്താനും ഈ രോഗങ്ങളെ തടയുന്നതിന് സഹായകരമായ ആരോഗ്യവർധക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് യാത്ര നടക്കുന്നത്.

## സ്വർണപ്പാളി വിവാദം: നിയമസഭയുടെ നടുത്തളത്തിലിറങ്ങി പ്രതിപക്ഷം, സഭ പ്രക്ഷുബ്ധം

തിരുവനന്തപുരം: ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ സഭയിൽ പ്രതിപക്ഷ പ്രതിഷേധം. സഭ തുടങ്ങിയതോടെ പ്രതിപക്ഷം ബാനറുമായാണ് എത്തിയത്. ശബരിമലയിലെ സ്വർണം മോഷണം പോയെന്നും ദേവസ്വംമന്ത്രി രാജിവയ്ക്കണമെന്നും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ പറഞ്ഞു.

ശബരിമല പ്രശ്നം സഭയിൽ കൊണ്ട് വരാൻ സർക്കാർ സമ്മതിക്കുന്നില്ലെന്ന് പറഞ്ഞ പ്രതിപക്ഷം ചോദ്യോത്തര വേള തുടങ്ങിയതോടെ പ്രതിഷേധം ശക്തമാക്കി. എന്നാൽ ചോദ്യോത്തര വേളയിലേക്ക് സ്പീക്കർ കടന്നതോടെ പ്രതിപക്ഷം നടുത്തളത്തിലിറങ്ങി.

ബഹളത്തിനിടെ സ്പീക്കറുടെ ഇരിപ്പിടം മറച്ചു പ്രതിപക്ഷം ബാനർ കെട്ടി. ഇതോടെ ഭരണപക്ഷവും എഴുന്നേറ്റു ബഹളം വച്ചു. പ്രതിഷേധം കനത്തതോടെ സഭ നിർത്തിവച്ചു. പിന്നീട് സഭ ചേർന്നപ്പോഴും പ്രതിപക്ഷ പ്രതിഷേധം തുടർന്നു. ഇതിനിടയിലും ചോദ്യോത്തരവേളയുമായി സ്പീക്കർ മുന്നോട്ട് പോയി. നോട്ടീസ് നൽകാതെ എന്തിനാണ് പ്രതിഷേധിക്കുന്നതെന്നും സ്പീക്കർ ചോദിച്ചു. സ്വർണപ്പാളി വിഷയത്തിൽ സർക്കാർ ചർച്ചയ്ക്ക് തയാറാണെന്ന് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. പ്രതിപക്ഷം ചർച്ചയെ ഭയക്കുകയാണ്. അവർ ചർച്ചകളിൽനിന്ന് ഒളിച്ചോടുകയാണെന്നും അതിനാലാണ് സ്വർണപ്പാളി വിഷയത്തിൽ പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിക്കാത്തതെന്നും രാജേഷ് പറഞ്ഞു.

## പഴയ സ്വർണപ്പാളിയും ഇപ്പോഴത്തേതും വ്യത്യസ്തം; നിർണായക കണ്ടെത്തലുമായി ദേവസ്വം വിജിലൻസ്

പത്തനംതിട്ട: ശബരിമലയിൽ മുൻപുണ്ടായിരുന്നതും നിലവിലുള്ളതും വ്യത്യസ്തമായ സ്വർണപ്പാളികളാണെന്ന നിമഗനത്തിൽ ദേവസ്വം വിജിലൻസ്. 2019-ന് മുൻപുണ്ടായിരുന്ന പാളികളുടെ ചിത്രങ്ങളുമായി ഒത്തുനോക്കിയാണ് രണ്ടും രണ്ടാണെന്ന നിഗമനത്തിൽ വിദഗ്ധരെത്തിയത്.

സ്വർണപ്പാളികളുടെ കാലപ്പഴക്കം നിർണയിക്കാൻ വിദഗ്ധ പരിശോധന വേണമെന്ന ആവശ്യം വിജിലൻസ് ഹൈക്കോടതിയിൽ ആവശ്യപ്പെട്ടേക്കും. 2019 ജൂലൈയിൽ ഉണ്ണികൃഷ്ണൻ പോറ്റി പാളി എടുത്തുകൊണ്ടുപോയശേഷം ദ്വാരപാലക ശില്പങ്ങളിലെ സ്വർണപ്പാളികളിൽ തിരിമറി സംഭവിച്ചെന്ന വാദത്തെ ശരിവെക്കുന്ന കണ്ടെത്തലാണ് ദേവസ്വം വിജിലൻസ് നടത്തിയിരിക്കുന്നത്.

2025-ൽ വീണ്ടും പുതുക്കി ശബരിമലയിലെത്തിച്ച സ്വർണപ്പാളിയുമായി 2019-ലെ പാളികളെ തട്ടിച്ചുനോക്കിയാണ് പുതിയ നിഗമനത്തിലെത്തിയത്. 2019-ൽ വിജയ് മല്യ സ്വർണം പൂശിവെച്ചിരുന്ന പാളിയല്ല സന്നിധാനത്ത് ഇപ്പോഴുള്ളതെന്ന് ഫോട്ടോഗ്രാഫുകൾ ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്.

## ശബരിമലയിൽ നടന്നത് സ്വർണക്കവർച്ച; ഹൈക്കോടതിയിൽ ദേവസ്വം വിജിലൻസ്

പത്തനംതിട്ട: ശബരിമലയിൽ സ്വർണക്കവർച്ച നടന്നെന്ന് ദേവസ്വം വിജിലൻസിന്റെ കണ്ടെത്തൽ. സ്വർണപ്പാളി വിവാദത്തിൽ ദേവസ്വം വിജിലൻസ് ഹൈക്കോടതിയിൽ നൽകിയ ഇടക്കാല അന്വേഷണ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.

സ്വർണപ്പാളിയിലെ സ്വർണം കവർന്നെന്നാണ് കണ്ടെത്തൽ. സംഭവത്തിൽ വൻ ഗൂഢാലോചന നടന്നുവെന്നും റിപ്പോർട്ടിലുണ്ട്. 1.5 കിലോ സ്വർണമാണ് ദ്വാരപാലക ശില്പത്തിൽ ഉണ്ടായിരുന്നു. 2019 ജൂലൈയിൽ ഉണ്ണികൃഷ്ണൻ പോറ്റി പാളി എടുത്തുകൊണ്ടുപോയ ശേഷം തിരിച്ചെത്തിയപ്പോൾ അതിൽ 394ഗ്രാം സ്വർണം മാത്രമാണ് ഉണ്ടായിരുന്നതെന്നും വിജിലൻസ് വ്യക്തമാക്കുന്നു. അന്ന് വിജയ് മല്യ നൽകിയ സ്വർണം എട്ട് സൈഡ് പാളികളിലായി നാലുകിലോയാണ് പൊതിഞ്ഞതെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിൽ രണ്ട് പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് നൽകിയിരുന്നു. ഈ പാളികളിൽ എത്ര സ്വർണമുണ്ടെന്ന് ഇനി തിട്ടപ്പെടുത്തണമെന്ന് വിജിലൻസ് വ്യക്തമാക്കി. ഉണ്ണികൃഷ്ണൻ പോറ്റി പത്മകുമാറിന് അയച്ച ഇമെയിൽ സന്ദേശമാണ് അന്വേഷണത്തിൽ നിർണായകമായത്. ഉണ്ണികൃഷ്ണൻ പോറ്റി ദ്വാരപാലക ശില്പങ്ങളുടെ വിവരം ചോദിച്ച് ഇമെയിൽ അയച്ചിരുന്നു. മെയിൽ അയച്ച് ഒരുമാസം കഴിഞ്ഞപ്പോൾ ദ്വാരപാലക ശില്പം കൈമാറിയെന്നും ഈ സന്ദേശത്തിൽ നിന്നാണ് ഗൂഢാലോചന സംശയിക്കുന്നതെന്നും വിജിലൻസ് പറയുന്നു. കൂടാതെ നിലവിലുള്ളതും മുൻപുണ്ടായിരുന്നതുമായ സ്വർണപ്പാളിയിൽ വ്യത്യാസമുണ്ടെന്നും വിജിലൻസ് വ്യക്തമാക്കി.

## വൈദ്യശാസ്ത്ര നൊബേൽ മൂന്നുപേർക്ക്

സ്റ്റോക്ഹോം: 2025ലെ വൈദ്യശാസ്ത്ര നൊബേൽ പുരസ്കാരത്തിന് മൂന്നു പേർ അർഹരായി. യുഎസ് ഗവേഷകരായ മാരി ഇ. ബ്രൻകോവ്, ഫ്രെഡ് റാംസ്ഡെൽ, ജാപ്പനീസ് ഗവേഷക ഷിമോൺ സാകാഗുച്ചി എന്നിവർക്കാണ് പുരസ്കാരം.

ശരീരത്തെ ദോഷകരമായി ബാധിക്കുന്നതിൽ നിന്ന് രോഗപ്രതിരോധ സംവിധാനത്തെ തടയുന്ന പെരിഫറൽ ഇമ്യൂൺ ടോളറൻസ് സംബന്ധിച്ച വഴിത്തിരിവായ കണ്ടെത്തലുകൾക്കാണ് നൊബേൽ. നൊബേൽ അസംബ്ലിയാണ് പുരസ്കാര പ്രഖ്യാപനം നടത്തിയത്. വാലൻബെർഗ്സലേനിലുള്ള കരോലിൻസ്ക ഇൻസ്റ്റിറ്റ്യൂട്ടിലാണ് പ്രഖ്യാപനം നടന്നത്.

മേരി ഇ. ബ്രൺകോവ് സിയാറ്റിലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിയിലെ ഗവേഷകയാണ്. ഫ്രെഡ് റാംസ്ഡെൽ സാൻ ഫ്രാൻസിസ്കോയിലെ സൊനോമ ബയോതെറാപ്യൂട്ടിക്സ് സ്ഥാപകനും ഷിമോൺ സാകാഗുച്ചി ജപ്പാനിലെ ഒസാക സർവകലാശാലയിലെ ഗവേഷകനുമാണ്.

## കാട്ടാന ആക്രമണത്തിൽ ഒരു ജീവൻ കൂടി പൊലിഞ്ഞു

ചിന്നക്കനാൽ: ചൂണ്ടലിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ചു. പന്നിയാർ സ്വദേശി ജോസഫ് വേലുച്ചാമി ആണ് മരിച്ചത്.

ചക്കക്കൊമ്പൻ കാട്ടാനയാണ് ആക്രമിച്ചതെന്നാണ് പുറത്തുവരുന്ന സൂചന. ഏലത്തോട്ടത്തിൽ വച്ചായിരുന്നു ജോസഫിനെ കാട്ടാന ആക്രമിച്ചത്.

ആനക്കൂട്ടത്തിൽ 14ഓളം ആനകളുണ്ടായിരുന്നു.

## സംസ്ഥാനത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട്: സംസ്ഥാനത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. മലപ്പുറം സ്വദേശിയായ ആറുവയസുകാരിക്കാണ് രോഗം സ്ഥിരീകരിച്ചത്. ശനിയാഴ്ചയാണ് കോഴിക്കോട് മെഡിക്കൽ കോളജിൽ കുട്ടിയെ പ്രവേശിപ്പിച്ചത്.

ഇതോടെ രോഗം ബാധിച്ച് ആശുപത്രിയിലുള്ള കുട്ടികളുടെ എണ്ണം രണ്ടായി. കെട്ടിക്കിടക്കുന്നതോ മലിനമായതോ ആയ ചൂടുവെള്ളത്തിൽ അമീബകൾ കാണപ്പെടുന്നു. ഈ വെള്ളം മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുമ്പോഴാണ് രോഗം പകരുന്നത്.

നീന്തൽ, വെള്ളത്തിൽ മുങ്ങിക്കുളിക്കൽ, ഓസ് ഉപയോഗിച്ച് മൂക്കിൽ വെള്ളം ചീറ്റിക്കൽ തുടങ്ങിയ സന്ദർഭങ്ങളിൽ ഇത് സംഭവിക്കാം.

## കോടിപതി ആലപ്പുഴയിൽ; തുറവൂർ സ്വദേശി ശരത്തിന് ബംപർ

ആലപ്പുഴ: തിരുവോണം ബംപർ ലോട്ടറി അടിച്ചത് ആലപ്പുഴയിൽ. തുറവൂർ സ്വദേശി ശരത്താണ് ഭാഗ്യശാലി. നെട്ടൂരിലെ പെയിൻറ് ഗോഡൗൺ മാനേജരാണ് ശരത്. ടിക്കറ്റ് തുറവൂർ എസ്ബിഐയിൽ ഹാജരാക്കി.

ടിഎച്ച് 577825 എന്ന ടിക്കറ്റിനാണ് ബംപർ സമ്മാനമടിച്ചത്. നെട്ടൂർ ഐഎൻടിയുസി ജംഗ്ഷനിൽ രോഹിണി ട്രേഡേഴ്സ് എന്നപേരിൽ വെളിച്ചെണ്ണക്കട നടത്തുന്ന കുമ്പളം സ്വദേശി ലതീഷിന്റെ കടയിൽനിന്നാണ് ടിക്കറ്റ് വിറ്റത്.

ലോട്ടറി മൊത്തവിതരണക്കാരായ ഭഗവതി ഏജൻസീസിന്റെ വൈറ്റിലയിലെ കടയിൽനിന്നാണു വില്പനയ്ക്കായി ടിക്കറ്റ് കൊണ്ടുവന്നത്.



# ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ 12 വയസിന് താഴെയുള്ള കുട്ടികൾക്ക് മരുന്ന് നൽകരുത്: മന്ത്രി വീണാ ജോർജ്

## ചുമ മരുന്നുകളുടെ ഉപയോഗം, കേരളം പ്രത്യേകം മാർഗരേഖ പുറത്തിറക്കും

## മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ചു

## മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

സംസ്ഥാനത്തെ കുട്ടികളുടെ ചുമ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് പഠിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ, ഐഎപി സംസ്ഥാന പ്രസിഡന്റ് എന്നിവരാണ് സമിതിയിലുള്ളത്. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ചുമ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് സംസ്ഥാനം പ്രത്യേകം മാർഗരേഖ പുറത്തിറക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ 12 വയസിന് താഴെയുള്ള കുട്ടികൾക്ക് വേണ്ടി മരുന്ന് നൽകരുത്. ഡോക്ടറുടെ പഴയ കുറിപ്പടി വച്ചും കുട്ടികൾക്കുള്ള മരുന്ന് നൽകരുത്. ഇതുസംബന്ധിച്ച് ഡ്രഗ്സ് കൺട്രോളർക്ക് നിർദേശം നൽകി. ഇതിനായി ബോധവത്ക്കരണവും ശക്തമാക്കും. കുട്ടികൾക്കുള്ള മരുന്നുകൾ അവരുടെ തൂക്കത്തിനനുസരിച്ചാണ് ഡോക്ടർമാർ ഡോസ് നിശ്ചയിക്കുന്നത്. അതിനാൽ ഒരു കുഞ്ഞിന് കുറിച്ച് നൽകിയ മരുന്ന് മറ്റ് കുഞ്ഞുങ്ങൾക്ക് നൽകാൻ പാടില്ല. അത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ കഫ് സിറപ്പുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഒരു പ്രശ്നവും കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ഡോക്ടർമാർ അറിയിച്ചു. ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ആശങ്ക പരിഹരിക്കാനും ശക്തമായ ബോധവത്ക്കരണം നൽകും. ഇതുമായി ബന്ധപ്പെട്ട് കേസുകൾ ഉണ്ടോയെന്ന് പ്രത്യേകം പരിശോധിക്കാൻ നിർദേശം നൽകി. ഐഎപിയുടെ സഹകരണത്തോടെ പീഡിയാട്രീഷ്യൻമാർക്കും മറ്റ് ഡോക്ടർമാർക്കും പരിശീലനം നൽകും.

സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ പരിശോധനകൾ നടന്നു വരുന്നു. കോൾഡ്രിഫ് (ഇീഹറൃശള) സിറപ്പിന്റെ എസ്.ആർ. 13 ബാച്ചിൽ കേരളത്തിന് പുറത്ത് പ്രശ്നം കണ്ടെത്തിയെന്ന റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ കോൾഡ്രിഫ് സിറപ്പിന്റെ വിൽപന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർത്തിവയ്പ്പിച്ചിട്ടുണ്ട്. തമിഴ്നാട് ഒറീസ, മധ്യപ്രദേശ്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലാണ് ആ ബാച്ച് മരുന്നുകൾ വിതരണം ചെയ്തത്. രാജസ്ഥാനിൽ മറ്റൊരു കമ്പനിയുടെ കഫ് സിറപ്പിലും പ്രശ്നമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ബാച്ചുകളുടെ മരുന്നിന്റെ വിൽപ്പന കേരളത്തിൽ നടത്തിയിട്ടില്ല എന്നാണ് കണ്ടെത്തിയത്. കേരളത്തിൽ 8 വിതരണക്കാർ വഴിയാണ് കോൾഡ്രിഫ് മരുന്നിന്റെ വിൽപ്പന നടത്തുന്നത്. ആയതിന്റെ വിതരണവും വിൽപനയും നിർത്തിവയ്പ്പിച്ചു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ, ഐഎപി പ്രസിഡന്റ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



പൊതുമേഖലാ സ്ഥാപനമായ കേരള റബ്ബർ ലിമിറ്റഡ് തയ്യാറാക്കിയ റബ്ബർ അധിഷ്ഠിത ഉത്പന്ന നിർമ്മാണ മേഖലയെ സംബന്ധിച്ച പുസ്തകത്തിന്റെ പ്രകാശനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കുന്നു

# ചൊവ്വന്നൂരിലെ യുവാവിന്റെ കൊലപാതകം; പ്രതി പിടിയിൽ

തൃശൂർ: കുന്നംകുളം ചൊവ്വന്നൂരിൽ യുവാവ് കൊലപ്പെട്ട സംഭവത്തിലെ പ്രതി പിടിയിൽ. സെക്യൂരിറ്റി ജീവനക്കാരനായ ചൊവ്വന്നൂർ സ്വദേശി സണ്ണി (62) ആണ് പിടിയിലായത്. പ്രകൃതിവിരുദ്ധ ബന്ധത്തിന് വിസമ്മതിച്ചതാണ് കൊലക്കു കാരണമെന്ന് പൊലീസ് പറയുന്നു.

സമാനമായ രണ്ടു കൊലപാതകങ്ങൾ സണ്ണി ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിൽ ശിക്ഷിക്കപ്പെട്ട് ആറു വർഷം മുമ്പാണ് ജയിൽ മോചിതനായത്. കുന്നംകുളം ചൊവ്വന്നൂരിൽ വാടക കോർട്ടേഴ്സിലാണ് ദുരൂഹ സാഹചര്യത്തിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

ചൊവ്വന്നൂർ ബസ് സ്റ്റോപ്പിന് സമീപമുള്ള സെൻമേരിസ് കോട്ടേഴ്സിലാണ് സംഭവം. ഞായറാഴ്ച വൈകുന്നേരം അഞ്ചരയോടെയാണ് മൃതദേഹം കണ്ടത്. പിടിയിലായ സണ്ണി താമസിക്കുന്ന ക്വാർട്ടേഴ്സിൽ തന്നെയായിരുന്നു മൃതദേഹം.

മുറിയിൽ നിന്നും പുക വരുന്നത് കണ്ട ആളുകൾ പുറത്തുനിന്ന് പൂട്ടിയ മുറി തുറന്ന് നോക്കിയപ്പോഴാണ് പാതി കത്തിയ നിലയിൽ കമിഴ്ന്നു കിടക്കുന്ന രീതിയിൽ ഒരാളുടെ മൃതദേഹം കണ്ടത്. തുടർന്ന് നാട്ടുകാർ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. സംഭവത്തിന് ശേഷം ചൊവ്വന്നൂർ സ്വദേശിയായ സണ്ണി ഒളിവിലായിരുന്നു. വിവരത്തിന്റെ അടിസ്ഥാനത്തിൽ കുന്നംകുളം എസ്എച്ച്ഒ ജയപ്രദീപിന്റെ നേതൃത്വത്തിൽ പോലീസ് നടത്തിയ അന്വേഷണത്തിലാണ് സണ്ണി പിടിയിലായത്.

# പാലിയേക്കരയിൽ ടോൾ വിലക്ക് വെള്ളിയാഴ്ച വരെ നീട്ടി; നിരക്ക് കുറച്ചുകൂടേയെന്ന് ഹൈക്കോടതി

കൊച്ചി: പാലിയേക്കരയിലെ ടോൾ പിരിവിനുള്ള വിലക്ക് വെള്ളിയാഴ്ച വരെ നീട്ടി ഹൈക്കോടതി. നിരക്ക് കുറച്ചുകൂടേയെന്നായിരുന്നു ഹൈക്കോടതിയുടെ ചോദ്യം. വെള്ളിയാഴ്ച ഹർജി വീണ്ടും പരിഗണിക്കും.

ദേശീയപാതയുടെ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന ഭാഗങ്ങളിൽ രൂക്ഷമായ ഗതാഗതക്കുരുക്കും സുരക്ഷാ പ്രശ്നങ്ങളും ഒരു മാറ്റവുമില്ലാതെ തുടരുന്നു എന്ന് തൃശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഇടക്കാല ഗതാഗത മാനേജ്മെൻറ് സമിതി കോടതിയെ അറിയിച്ചു. വാഹനങ്ങൾ കടന്നുപോകുന്ന സ്ഥലങ്ങളിൽ വേണ്ടത്ര മുന്നറിയിപ്പ് ബോർഡുകളോ അപകടമുണ്ടാകുന്നത് തടയുന്നതിനുള്ള സംവിധാനങ്ങളോ ഇല്ല. നാലുവരിപ്പാതയിൽ നിന്ന് ഒറ്റവരിയിലേക്ക് വാഹനങ്ങൾ വന്നുകയറുന്നതോടെ രൂക്ഷമായ ഗതാഗതക്കുരുക്കാണ് ഈ മേഖലയിലുള്ളതെന്നും കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, ഹരിശങ്കർ വി. മേനോൻ എന്നിവരുടെ ബെഞ്ച് ടോൾ പിരിവ് നിരോധനം നീട്ടിയത്. ഇക്കാര്യത്തിലും ഒപ്പം ടോൾ നിരക്ക് കൂട്ടിയ നടപടിയിലും എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാൻ കേന്ദ്ര സർക്കാരിനോടും കോടതി നിർദേശിച്ചിട്ടുണ്ട്.

കരാറുകാരുടെ കാര്യത്തിൽ മാത്രമേ ദേശീയപാത അതോറിറ്റിക്ക് ഉത്കണ്ഠയുള്ളോ എന്നു കോടതി ചോദ്യമുന്നയിച്ചു. ഇക്കാര്യത്തിൽ യാത്രക്കാരുടെ കാര്യവും പരിഗണിക്കേണ്ടതുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

ഹൈക്കോടതിയുടെ തീരുമാനം സ്വാഗതാർഹമെന്ന് പരാതിക്കാരനായ ഷാജി കോടംകണ്ടത്ത് പ്രതികരിച്ചു. സർവീസ് റോഡുകൾ പൂർണമാക്കാതെ ടോൾ പിരിക്കാൻ കമ്പനിക്ക് അവകാശമില്ലെന്നും അദ്ദേഹം വ്യക്തമാക്കി

മേഖലയിലെ അടിപ്പാതകളുടെ നിർമാണവുമായി ബന്ധപ്പെട്ട് അനുഭവപ്പെടുന്ന കനത്ത ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ദേശീയപാത അതോറിറ്റി പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാട്ടി ഓഗസ്റ്റ് ആറിനാണ് ഹൈക്കോടതി മണ്ണുത്തി-ഇടപ്പള്ളി ദേശീയപാത 544-ലെ പാലിയേക്കര ടോൾ പിരിവ് തടഞ്ഞത്.

ആദ്യം നാലാഴ്ചത്തേക്കാണ് ടോൾ പിരിവ് സ്റ്റേ ചെയ്തതെങ്കിലും പിന്നീട് പല ഘട്ടങ്ങളിലായി നീട്ടുകയായിരുന്നു. ദേശീയപാതാഅഥോറിറ്റി ടോൾ പിരിവ് പുനഃസ്ഥാപിക്കണമെന്ന് പല തവണ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹൈക്കോടതി അനുവദിച്ചിരുന്നില്ല.

# കാസർഗോഡ് ജില്ലയിൽ ആദ്യ സർക്കാർ എഞ്ചി. കോളേജ്: നടപടികൾക്ക് തുടക്കം; നോഡൽ ഓഫീസറെ നിയമിച്ചു

കാസർഗോഡ് ജില്ലയിൽ ആദ്യ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടികളിലേക്ക് കടക്കുകയാണെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. ചെറുവത്തൂരിലെ സർക്കാർ ടെക്നിക്കൽ ഹൈസ് കൂൾ വളപ്പിലാണ് കോളേജ് ആരം ിക്കുക. എം രാജഗോപാലൻ എം എൽ എയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിനെ ഇതിനായുള്ള നോഡൽ ഓഫീസറായി നിയമിക്കാൻ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു.കാസർഗോഡ് ജില്ലയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും അക്കാദമികമായ കഴിവുള്ളവരുമായ നിരവധി വിദ്യാർത്ഥികളുടെ ചിരകാലാവശ്യമാണ് സർക്കാർ ഉടമസ്ഥതയിൽ എഞ്ചിനീയറിംഗ് കോളേജ്. ചെറുവത്തൂരിലെ സർക്കാർ ടെക്നിക്കൽ ഹൈസ് കൂൾ വളപ്പിൽ പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തിയുള്ള ബിടെക് കോഴ്സുകൾ ആരം ിക്കാനുള്ള ശുപാർശ പരിശോധിച്ചാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടികളിലേക്ക് കടക്കുന്നത്. സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക ഇതിനായി ല ്യമാക്കാൻ നടപടികൾ സ്വീകരിക്കും - മന്ത്രി പറഞ്ഞു.

ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ സയൻസസ്, റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ കോഴ്സുകളാണ് ആരം ിക്കുക. ഈ കോഴ്സുകൾ ആരം ിക്കാൻ എ ഐ സി ടി ഇയുടെ അനുമതി നേടിയെടുക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി കൈക്കൊള്ളാൻ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി. നിലവിൽ നിർദ്ദേശിച്ച കോഴ്സുകൾ ടെക്നിക്കൽ ഹൈസ് കൂൾ കെട്ടിടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉടൻതന്നെ ആരം ിക്കാനാവുമെന്നാണ് കരുതുന്നത്. കാസർഗോഡ് വികസന പാക്കേജിൽ നിന്നും ഇതിനായി ഫണ്ട് ല ്യമാക്കാനാകുമോയെന്ന് പരിശോധിക്കാമെന്ന് എം എൽ എ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഒക്ടോബർ 9 ന് രാവിലെ 11 ന് എറണാകുളം മറൈൻ ഡ്രൈവിലുള്ള പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തുന്നു. പ്രസ്തുത സിറ്റിംഗിൽ മൺപാത്ര നിർമ്മാണ വിഭാഗത്തിൽപ്പെടുന്ന കുലാല, കുലാലനായർ വിഭാഗങ്ങളും കുശവൻ വിഭാഗവും ഒന്നാണോ എന്നത് സംബന്ധിച്ച് ഉപദേശം നൽകുന്ന വിഷയം, പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (202123) വയനാട് ജില്ലാ മൗണ്ടാടൻ ചെട്ടി സമുദായ സംഘം പ്രസിഡന്റ് സി. വി. വേലായുധൻ സമർപ്പിച്ച ഹർജി, കള്ളർ, പിറൻ മലൈ കള്ളൻ ജാതികളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം എന്നിവ പരിഗണിക്കും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ ഡോ. ബെന്നറ്റ് സൈലം, സുബൈദാ ഇസ്ഹാക്ക്, മെമ്പർ സെക്രട്ടറി എന്നിവർ സിറ്റിംഗിൽ പങ്കെടുക്കും.

## മാസപ്പടി കേസ്: നിയമപോരാട്ടവുമായി മുന്നോട്ടു പോകും, ഭയന്നു പിന്മാറില്ല: മാത്യു കുഴൽനാടൻ

തിരുവനന്തപുരം: മാസപ്പടി കേസിൽ രാഷ്ട്രീയ, നിയമപോരാട്ടവുമായി മുന്നോട്ടുപോകുമെന്നും ഭയന്നു പിൻമാറില്ലെന്നും കോൺഗ്രസ് നേതാവ് മാത്യു കുഴൽനാടൻ എംഎൽഎ. കരിമണൽ കമ്പനിയിൽ നിന്നു മുഖ്യമന്ത്രിയുടെ മകൾ വീണ പണം വാങ്ങി. കരിമണൽ കമ്പനി വീണയ്ക്കു പണം നൽകിയതിനു രേഖകളുണ്ടെന്നും അദ്ദേഹം പറഞ്ഞു. മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായയാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

# സംഘപരിവാർ നട്ടുവളർത്തിയ വിദ്വേഷത്തിന്റെ വിഷമാണ് ഇന്ന് ചീഫ് ജസ്റ്റീസിന് നേരെ ചീറ്റിയത്: മുഖ്യമന്ത്രി

തിരുവനന്തപുരം: സംഘപരിവാർ നട്ടുവളർത്തിയ വിദ്വേഷത്തിന്റെ വിഷമാണ് ഇന്ന് സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസിന് നേരെ ചീറ്റിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായ്ക്കു നേരെ കോടതി മുറിയിൽ നടന്ന അക്രമശ്രമത്തെ ശക്തമായി അപലപിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

സനാതന ധർമത്തിനെതിരെ പ്രവർത്തിക്കുന്നുവെന്നാരോപിച്ചാണ് ഒരു അഭിഭാഷക വേഷധാരി ഷൂ എറിയാനാഞ്ഞത് എന്നാണ് റിപ്പോർട്ട്. നിലതെറ്റിയ വ്യക്തിയുടെ വികാരപ്രകടനമായി ഈ അതിക്രമത്തെ ചുരുക്കി കാണാൻ കഴിയില്ല. സംഘപരിവാറിന്റെ വിഷലിപ്തമായ വർഗീയ പ്രചാരണമാണ് അപകടകരമായ ഈ മാനസിക നിലയിലേക്ക് വ്യക്തികളെ കൊണ്ടെത്തിക്കുന്നത്. വെറുപ്പും അപര വിദ്വേഷവും ജനിപ്പിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ ഉൽപ്പന്നങ്ങളാണ് പരമോന്നത കോടതിക്കകത്ത് പോലും ഉണ്ടാകുന്ന ഇത്തരം കടന്നാക്രമണങ്ങൾ. ആർഎസ്എസും അതിന്റെ പരിവാരവും നൂറു വർഷംകൊണ്ടു സൃഷ്ടിച്ചുവച്ച അസഹിഷ്ണുതയാണ് ഇതിന്റെ ഇന്ധനം. മഹാത്മാ ഗാന്ധിക്കു നേരെ നിറയൊഴിക്കാൻ മടിച്ചിട്ടില്ലാത്ത വർഗീയ ഭ്രാന്തിന് ഒട്ടും കുറവു വന്നിട്ടില്ല എന്ന് ഓർമിപ്പിക്കുന്ന സംഭവമാണ് സുപ്രീംകോടതിയിൽ ഇന്നുണ്ടായത്.

ഒറ്റപ്പെട്ട അക്രമ സംഭവമോ സമനില തെറ്റിയ വ്യക്തിയുടെ വിക്രിയയോ ആയി ഇതിനെ നിസാരവൽക്കരിക്കാനാവില്ല. സംഘപരിവാർ മുന്നോട്ടുവയ്ക്കുന്ന അക്രമോത്സുകമായ രാഷ്ട്രീയത്തെ തന്നെയാണ് പരിശോധിക്കേണ്ടതും തുറന്നുകാട്ടേണ്ടതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ: ഇന്റർവ്യൂ 9, 10 തീയതികളിൽ

കൊല്ലം ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (ഇമേ. ചീ. 611/24) തസ്തികയുടെ തെരെഞ്ഞെടുപ്പിന് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ ഉദ്യോഗാർഥികൾക്ക് 9, 10 തീയതികളിൽ കൊല്ലം ജില്ലാ പി.എസ്.സി ഓഫീസിൽ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർഥികൾക്ക് എസ് എം എസ്, പ്രൊഫൈൽ മെസേജ് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത ഉദ്യോഗാർഥികൾ കൊല്ലം ജില്ലാ പി.എസ്.സി ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0474 2743624.

## മാരിടൈം ബോർഡിൽ നിയമനം

കേരളാ മാരിടൈം ബോർഡിൽ പോർട്ട് സെക്യൂരിറ്റി കോഓർഡിനേറ്റർ, ഇൻലാൻഡ് വെസ്സൽ സർവേയർ, നേവൽ ആർക്കിടെക്ട് എന്നീ കടമകൾ നിർവഹിക്കുന്നതിനായി അനുയോജ്യമായ യോഗ്യതയുള്ളവരുടെ അപേക്ഷകൾ ക്ഷണിക്കുന്നു. ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് എന്നിവിടങ്ങളിൽ നിന്നും ക്യാപ്റ്റൻ, കമാണ്ടന്റ് തസ്തികയിൽ വിരമിച്ചവർക്ക് പോർട്ട് സെക്യൂരിറ്റി കോഓർഡിനേറ്ററായും ഇൻലാൻഡ് വെസ്സൽ ആക്ടിൽ പരാമർശിച്ചിട്ടുള്ള യോഗ്യതയുള്ളവർക്ക് ഇൻലാൻഡ് വെസ്സൽ സർവേയർ ആയും കെ.എം.ബി. വിജ്ഞാപനം അനുസരിച്ച് നേവൽ ആർകിടെക്ട് ജോലിയ്ക്കും അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കുവാനുമുള്ള അവസാന ദിവസം 2025 ഒക്ടോബർ 20.യോഗ്യത, പ്രവൃത്തിപരിചയം അടക്കമുള്ള വിശദാംശങ്ങൾ www. kmb.gov.in ൽ ലഭ്യമാണ്.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ആരംഭിക്കുന്ന ഹ്രസ്വകാല ബ്യൂട്ടീഷ്യൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2490670.

# ബാലികയുടെ കൈ മുറിച്ചുമാറ്റിയ സംഭവം: രണ്ട് ഡോക്ടർമാർക്ക് സസ്പെൻഷൻ

പാലക്കാട്: ഒമ്പതുവയസുകാരിയുടെ ഒടിഞ്ഞ കൈ മുറിച്ചുമാറ്റേണ്ടിവന്ന സംഭവത്തിൽ രണ്ട് ഡോക്ടർമാർക്ക് സസ്പെൻഷൻ. ജൂനിയർ റസിഡൻറ് ഡോക്ടർ മുസ്തഫ, ജൂനിയർ കൺസൾട്ടൻറ് ഡോക്ടർ സർഫറാസ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. അതേസമയം ജില്ലാ ആശുപത്രി ശാസ്ത്രീയവും ഉചിതവുമായ ചികിത്സ നൽകിയെന്നായിരുന്നു ഡിഎംഒ ചുമതലപ്പെടുത്തിയ സംഘത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്. ഡിഎംഒ നൽകിയ ഈ റിപ്പോർട്ട് സർക്കാർ തള്ളി.

കൈ മുറിച്ചുമാറ്റേണ്ട സാഹചര്യമുണ്ടായതു ജില്ലാ ആശുപത്രിയിൽനിന്നു പ്ലാസ്റ്റർ ഇട്ടതുകൊണ്ടല്ലെന്നായിരുന്നു ഡോക്ടർമാരുടെ വിശദീകരണം. അപൂർവമായി സംഭവിക്കാവുന്ന കോംപ്ലിക്കേഷൻ മൂലമാണു കൈ മുറിച്ചുമാറ്റേണ്ടിവന്നതെന്നാണു വിശദീകരണം. ആശുപത്രിരേഖകൾ പ്രകാരം, നൽകാവുന്ന എല്ലാ ചികിത്സയും കുട്ടിക്കു നൽകിയിട്ടുണ്ടെന്നും ആശുപത്രി സൂപ്രണ്ട് പി. കെ. ജയശ്രീ അറിയിച്ചിരുന്നു.

കഴിഞ്ഞ സെപ്റ്റംബർ 24നു കളിക്കുന്നതിനിടെ വീണ് പരിക്കേറ്റതിനെത്തുടർന്ന് പാലക്കാട് പല്ലശ്ശന ഒഴിവുപാറ സ്വദേശികളായ വിനോദ് -പ്രസീത ദമ്പതികളുടെ മകളായ നാലാം ക്ലാസ് വിദ്യാർഥിനി വിനോദിനിയുടെ കൈയാണ് മുട്ടിനുതാഴെ മുറിച്ചുമാറ്റിയത്.

പരിക്കേറ്റ കുട്ടിയെ ആദ്യം പാലക്കാട് ജില്ലാ ആശുപത്രിയിൽ എത്തിച്ചിരുന്നു. അവിടെനിന്ന് കൈക്ക് പ്ലാസ്റ്റർ ഇട്ട് പറഞ്ഞയച്ചു. ദിവസങ്ങൾ കഴിഞ്ഞതും പരിക്ക് പഴുത്ത് ദുർഗന്ധം ഉണ്ടാകുന്ന സാഹചര്യം ഉണ്ടായി. ഇതേത്തുടർന്ന് കുട്ടിയെ കോഴിക്കോട് മെഡിക്കൽ കോളജിൽ എത്തിച്ചു. ഇവിടെവച്ച് കുട്ടിയുടെ കൈയുടെ ഭാഗം ഡോക്ടർമാർ മുറിച്ചു മാറ്റുകയായിരുന്നു.

## കാർ വാടകയ്ക്ക്

കോട്ടയം ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ ഓഫീസ് ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ കാർ (ഡ്രൈവർ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ നോട്ടീസും ക്വട്ടേഷൻ ഫോമിന്റെ മാതൃകയും കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കാര്യാലയത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 9497323327.

## കാറിൽ ലോറിയിടിച്ച് അപകടം; മകനെ ട്യൂഷൻ ക്ലാസിൽ കൊണ്ടുവിടാൻ പോയ വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: ആറ്റിങ്ങലിൽ കാറിൽ ലോറിയിടിച്ചുണ്ടായ അപകടത്തിൽ വീട്ടമ്മയ്ക്ക് ദാരുണാന്ത്യം. തോട്ടയ്ക്കാട് പാലത്തിനു സമീപം രാവിലെ ആറോടെയായിരുന്നു സംഭവം. തോട്ടയ്ക്കാട് സ്വദേശി മീന (40) ആണ് മരിച്ചത്. ഒൻപതാംക്ലാസുകാരനായ മകൻ അഭിമന്യുവിന് അപകടത്തിൽ പരിക്കേറ്റു. മകനെ ട്യൂഷൻ ക്ലാസിൽ കൊണ്ടുവിടാൻ പോകുകയായിരുന്നു മീന. ദേശീയപാതയിൽ യു ടേൺ എടുക്കുമ്പോൾ ലോറി ഇടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ മീന സ്ഥലത്തുതന്നെ മരിച്ചു.

# സോനം വാംഗ്ചുകിന്റെ മോചനം: ഭാര്യയുടെ ഹർജി ഇന്നു സുപ്രീംകോടതി പരിഗണിക്കും

ന്യൂഡൽഹി: ലഡാക്കിലെ യുവജന പ്രക്ഷോഭത്തെത്തുടർന്ന് ദേശീയ സുരക്ഷാ നിയമപ്രകാരം (എൻഎസ്എ) അറസ്റ്റിലായി തടവിലാക്കപ്പെട്ട പരിസ്ഥിതി പ്രവർത്തകൻ സോനം വാംഗ്ചുകിനെ ഉടൻ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടു ഭാര്യ ഡോ. ഗീതാഞ്ജലി ജെ. ആംഗ്മോ സമർപ്പിച്ച ഹർജി സുപ്രീംകോടതി ഇന്നു പരിഗണിക്കും.

ജസ്റ്റിസുമാരായ അരവിന്ദ് കുമാർ, എൻ. വി. അഞ്ജരിയ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണു കേസിൽ വാദം കേൾക്കുക. ഭർത്താവിന്റെ അറസ്റ്റ് നിയമവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയാണ് ഗീതാഞ്ജലി കോടതിയിൽ ഹർജി സമർപ്പിച്ചത്. ഭർത്താവിനെ കസ്റ്റഡിയിലെടുത്തിട്ട് ഒരാഴ്ച പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെപ്പറ്റിയോ അറസ്റ്റിന്റെ കാരണത്തെക്കുറിച്ചോ യാതൊരു വിവരവും ബന്ധപ്പെട്ട അധികാരികൾ നൽകുന്നില്ലെന്നും ഹർജിയിൽ ആരോപണമുണ്ട്. വെള്ളിയാഴ്ചയായിരുന്നു ഗീതാഞ്ജലി സുപ്രീംകോടതിയെ സമീപിച്ചത്. ഒരു വ്യക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിനോ സംസ്ഥാനസുരക്ഷയ്ക്കോ വിദേശരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തിനോ ഹാനികരമാണെന്നു കണ്ടെത്തിയാൽ എൻഎസ്എ നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം അയാളെ തടങ്കലിലാക്കാൻ സർക്കാരിന് അധികാരമുണ്ട്. എന്നാൽ ചോദ്യം ചെയ്യപ്പെടുന്ന വ്യക്തി ഇപ്പറഞ്ഞ കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുന്ന തെളിവുകൾ കണ്ടെത്തിയശേഷം മാത്രമേ ആരോപണവിധേയനായ വ്യക്തിയെ തടങ്കലിൽ പാർപ്പിക്കാൻ സാധിക്കൂ. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ സുപ്രീംകോടതി നിരവധി തവണ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വാംഗ്ചുകിന്റെ അറസ്റ്റിൽ ഇതൊന്നും പാലിക്കപ്പെട്ടിട്ടില്ലെന്നും ഹർജിയിൽ ആരോപണമുണ്ട്. ലഡാക്കിൽ നടന്ന പ്രക്ഷോഭത്തിൽ നാലുപേർ കൊല്ലപ്പെട്ട സംഭവത്തിൽ ജുഡീഷൽ അന്വേഷണത്തിന് ഉത്തരവിടുന്നതുവരെ കസ്റ്റഡിയിൽ തുടരാൻ തയാറാണെന്ന് വാംഗ്ചുക് സന്ദേശത്തിലൂടെ അറിയിച്ചു.

സംസ്ഥാനപദവിയും ആറാം ഷെഡ്യൂൾ പദവിയും ആവശ്യപ്പെട്ടു പ്രതിഷേധിക്കുന്ന സംഘടനകളായ 'ലെ അപ്പക്സ് ബോഡി'ക്കും'കാർഗിൽ ഡെമോക്രാറ്റിക് അലൈൻസി'നുമൊപ്പം താൻ നിൽക്കുന്നതായും ലഡാക്കിന്റെ ആവശ്യങ്ങൾക്കു സംഘടനകൾ സ്വീകരിക്കുന്ന നടപടികൾക്ക് പൂർണപിന്തുണ നൽകുന്നതായും വാംഗ്ചുക് സന്ദേശത്തിൽ വ്യക്തമാക്കി. നേരത്തേ കേന്ദ്രം വിളിച്ചുചേർത്ത ചർച്ചകളിൽനിന്ന് ഇരുസംഘടനകളും പിന്മാറിയിരുന്നു.



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ സംസ്ഥാന പോലീസ് മേധാവി റവാഡ എ. ചന്ദ്രശേഖറുമായി തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നു

# ദുർഗാപൂജ ആഘോഷങ്ങൾക്കിടെ സംഘർഷം; കട്ടക്കിൽ ഇൻറർനെറ്റ് നിരോധനം

കട്ടക്ക്: ദുർഗാപൂജ ആഘോഷങ്ങൾക്കിടെയുണ്ടായ സംഘർഷത്തിന് പിന്നാലെ ഒഡീഷയിലെ കട്ടക്കിൽ കർഫ്യൂ പ്രഖ്യാപിച്ചു. ദാരാഘബസാർ പ്രദേശത്തെ ഹാത്തി പൊഖാരിക്ക് സമീപം കഴിഞ്ഞ ദിവസം പുലർച്ചെ 1.30 നായിരുന്നു സംഭവം.

കഥജോഡി നദിയുടെ തീരത്തുള്ള ദേബിഗരയിലേക്ക് നിമജ്ജന ഘോഷയാത്ര നീങ്ങുന്നതിനിടെയാണ് അക്രമം പൊട്ടിപ്പുറപ്പെട്ടത്. ഉച്ചത്തിൽ പാട്ട് വച്ചതുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്. സംഘർഷത്തെ തുടർന്ന് നഗരത്തിൽ 36 മണിക്കൂർ കർഫ്യൂ പ്രഖ്യാപിച്ചു. മേഖലയിൽ ഇൻറർനെറ്റ് നിരോധനവും നിലവിൽ വന്നു. സെൻസിറ്റീവ് പ്രദേശങ്ങളിൽ കൂടുതൽ പോലീസ് സേനയെ വിന്യസിക്കാനും അധികൃതർ തീരുമാനിച്ചു. ക്രമസമാധാന പാലനത്തിൽ ഭരണകൂടം പൂർണ പരാജയമാണെന്ന് ആരോപിച്ച് വിശ്വഹിന്ദു പരിഷത്ത് തിങ്കളാഴ്ച 12 മണിക്കൂർ ബന്ദ് പ്രഖ്യാപിച്ചു. ഘോഷയാത്രയ്ക്കിടെ ഉച്ചത്തിൽ പാട്ടുവച്ചത് ചില നാട്ടുകാർ എതിർത്തതിനെ തുടർന്നാണ് പ്രശ്നങ്ങൾ ആരംഭിച്ചതെന്ന് പോലീസ് പറഞ്ഞു.

ജനക്കൂട്ടം ഘോഷയാത്രയ്ക്ക് നേരെ കല്ലുകളും ഗ്ലാസ് കുപ്പികളും എറിയാൻ തുടങ്ങിയതോടെ ഏറ്റുമുട്ടലിലേക്ക് നീങ്ങി. ആക്രമണത്തിൽ കട്ടക്ക് ഡിസിപി ഖിലാരി ഋഷികേശ് ദിനിയാൻഡിയോ ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേറ്റു.

# ഗാസയുടെ അധികാരം വിട്ടുകൊടുത്തില്ലെങ്കിൽ ഹമാസിനെ തുടച്ചുനീക്കും; അന്ത്യശാസനവുമായി ട്രംപ്

വാഷിംഗ്ടൺ: ഗാസയുടെ അധികാരം വിട്ടുകൊടുത്തില്ലെങ്കിൽ ഹമാസിനെ തുടച്ചുനീക്കുമെന്ന് ആവർത്തിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. താൻ മുന്നോട്ട് വച്ച സമാധാന പദ്ധതിയുടെ പശ്ചാത്തലത്തിൽ ഹമാസ് അധികാരം ഒഴിയാൻ വിസമ്മതിച്ചാൽ അവരെ ഉന്മൂലനം ചെയ്യും.ഹമാസ് അധികാരത്തിൽ തുടരുമെന്ന് നിർബന്ധം പിടിച്ചാൽ എന്ത് സംഭവിക്കുമെന്ന ചോദ്യത്തിനു മറുപടി പറയുകയായിരുന്നു ട്രംപ്. ഹമാസ് അവരുടെ നിലപാടിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ ട്രംപ് ഭരണകൂടം കൂടുതൽ കർശനമായ നടപടികളിലേക്ക് നീങ്ങിയേക്കാമെന്ന ആശങ്ക കൂടിയാണ് ഇതോടെ ഉയരുന്നത്.

ഹമാസിന് മുന്നറിയിപ്പുമായി നേരത്തെ ട്രംപ് രംഗത്തെത്തിയിരുന്നു. സമാധാന കരാറിൽ തീരുമാനം വൈകുന്നത് പൊറുക്കില്ലെന്ന് ട്രംപ് വ്യക്തമാക്കിയിരുന്നു. ബന്ദികളുടെ മോചനത്തിനും സമാധാന കരാർ പൂർത്തീകരിക്കുന്നതിനുമായി ഇസ്രയേൽ താത്കാലികമായി ആക്രമണം നിർത്തിവച്ചതിൽ നന്ദിയുണ്ട്.

ഹമാസ് എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളണം. കാലതാമസം വരുത്തുന്നത് അനുവദിക്കില്ല. ഗാസയ്ക്ക് വീണ്ടും ഭീഷണി ഉയർത്തുന്ന യാതൊന്നും അനുവദിക്കില്ലെന്നും ട്രംപ് പറഞ്ഞിരുന്നു.

# മാസപ്പടിയിൽ വിജിലൻസ് അന്വേഷണമില്ല: കുഴൽനാടന്റെ ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: മാസപ്പടി ആരോപണത്തിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് മാത്യു കുഴൽനാടൻ എംഎൽഎ സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളി.

ഹർജിയിൽ ഇടപെടാനില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായ്, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരുടെ ബെഞ്ചാണ് ഹർജി തള്ളിയത്. മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണാ വിജയൻ തുടങ്ങിയവർക്കെതിരേ വിജിലൻസ് അന്വേഷണം വേണമെന്നായിരുന്നു മാത്യു കുഴൽനാടന്റെ ആവശ്യം.

തിരുവനന്തപുരം വിജിലൻസ് കോടതിയും കേരള ഹൈക്കോടതിയും നേരത്തെ മാത്യുവിന്റെ ഹർജി തള്ളിയിരുന്നു. തുടർന്നാണ് സുപ്രീംകോടതിയെ സമീപിച്ചത്.

കരിമണൽ കന്പനിയായ സിഎംആർഎല്ലിൽനിന്ന് മുഖ്യമന്ത്രിയുടെ മകളുടെ എക്സാലോജിക് കന്പനി കോടികൾ കൈപ്പറ്റിയെന്നാണു ഹർജിയിലെ ആരോപണം. അഴിമതി നിരോധന നിയമപ്രകാരം അന്വേഷിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

# വണ്ടല്ലൂർ മൃഗശാലയിൽ സിംഹത്തെ കാണാനില്ല

ചെന്നൈ: വണ്ടല്ലൂർ മൃഗശാലയിൽ സിംഹത്തെ കാണാതായി. മൃഗശാലയുടെ വിവിധ ഭാഗങ്ങളിൽ ഡ്രോണുകളും തെർമൽ ഇമേജിംഗ് കാമറകളും ഉപയോഗിച്ച് തെരച്ചിൽ തുടരുകയാണെന്ന് അധികൃതർ അറിയിച്ചു. സഫാരി മേഖലയിലേക്ക് തുറന്നുവിട്ട ആറു വയസുള്ള സിംഹത്തിനായാണ് നാല് ദിവസങ്ങളായി തെരച്ചിൽ നടത്തുകയാണ്. ബംഗളൂരുവിലെ ബന്നാർഘട്ട ബയോളജിക്കൽ പാർക്കിൽ നിന്ന് മൂന്ന വർഷങ്ങൾക്ക് മുൻപ് വണ്ടല്ലൂരിലേക്ക് എത്തിച്ച ഷേരു എന്ന സിംഹത്തെ വ്യാഴാഴ്ചയായിരുന്നു ആദ്യമായി തുറന്നുവിട്ടത്. രാത്രി ഭക്ഷണം കഴിക്കാനുള്ള സമയമാകുമ്പോഴേക്കും സിംഹം കൂട്ടിലെത്തും എന്നായിരുന്നു മൃഗശാല അധികൃതരുടെ കണക്ക് കൂട്ടൽ. എന്നാൽ ഇതുവരെ സിംഹം തിരികെ കൂട്ടിലേക്ക് തിരികെ വന്നില്ല. പുതിയ സ്ഥലമായതിനാൽ പരിചയക്കുറവ് മൂലമാണ് ഷേരു തിരികെ വരാത്തത് എന്നാണ് മൃഗശാല അധികൃതർ പറയുന്നത്. മൃഗശാലയിലെ സഫാരി പ്രദേശം 15 അടി ഉയരമുള്ള ഇരുമ്പ് കമ്പിവേലി കൊണ്ട് ചുറ്റപ്പെട്ടിട്ടുള്ളതിനാൽ സുരക്ഷിതമാണെന്നും സിംഹത്തിന് പുറത്തേക്ക് കടക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ലെന്നും അധികൃതർ പറഞ്ഞു.

# ഇനി സംഘർഷമുണ്ടായാൽ യുദ്ധവിമാനങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ഇന്ത്യ മൂടപ്പെടും: പാക് പ്രതിരോധ മന്ത്രി

ന്യൂഡൽഹി: ഇനി സംഘർഷമുണ്ടായാൽ യുദ്ധവിമാനങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ഇന്ത്യ മൂടപ്പെടുമെന്ന് പാക് പ്രതിരോധ മന്ത്രി ഖ്വാജ മുഹമ്മദ് ആസിഫ്. ഇനിയൊരു ഏറ്റുമുട്ടലിന് സാഹചര്യമുണ്ടായാൽ പാക്കിസ്ഥാന്റെ ഭൂപടം തന്നെ മാറ്റേണ്ടിവരുമെന്ന കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ പരാമർശത്തിന് മറുപടിയായാണ് പാക് പ്രതിരോധ മന്ത്രി രംഗത്തെത്തിയത്. കഴിഞ്ഞ ദിവസം രാജസ്ഥാനിലെ സേനാ കേന്ദ്രം സന്ദർശിക്കുമ്പോഴായിരുന്നു കരസേനാ മേധാവി പാക്കിസ്ഥാനു മുന്നറിയിപ്പു നൽകിയത്. ഭീകരത അവസാനിപ്പിച്ചില്ലെങ്കിൽ ഓപ്പറേഷൻ സിന്ദൂറിന്റെ രണ്ടാം പതിപ്പ് വൈകാതെയുണ്ടാകുമെന്നും അദ്ദേഹം സൂചിപ്പിച്ചിരുന്നു. മേയിലെ ഏറ്റുമുട്ടലിൽ പരാജയമടഞ്ഞതോടെ തകർന്നടിഞ്ഞ വിശ്വാസ്യത തിരിച്ചുപിടിക്കാൻ ഇന്ത്യ ശ്രമം നടത്തുകയാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ ആസിഫ് പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിൽ ആറ് ഇന്ത്യൻ പോർവിമാനങ്ങൾ തകർത്തെന്ന വാദം ആസിഫ് വീണ്ടും ആവർത്തിച്ചു. ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ ആക്രമണങ്ങൾ പാക്കിസ്ഥാന്റെ എഫ്-16 വിമാനങ്ങൾ ഉൾപ്പെടെയുള്ള ഒരു ഡസനിലധികം സൈനിക വിമാനങ്ങൾ നശിപ്പിക്കുകയോ കേടുപാടുകൾ വരുത്തുകയോ ചെയ്തുവെന്ന് ഇന്ത്യൻ വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ. പി. സിംഗ് അടുത്തിടെ വെളിപ്പെടുത്തിയിരുന്നു.

മാസപ്പടിക്കേസ്; മാത്യു കുഴൽനാടന്റെ ഹർജി ഇന്നു പരിഗണിക്കും

# നിയമസഭയിൽ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലുകൾ അവതരിപ്പിച്ച് മന്ത്രി ഡോ. ആർ ബിന്ദു നടത്തിയ പ്രസംഗം

സിൻഡിക്കേറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് സർവ്വകലാശാലകൾക്കും വിദ്യാർത്ഥികൾക്കും അത്യന്താപേക്ഷിതമാണെന്നും അതുറപ്പാക്കാനാണ് സർവ്വകലാശാലാ ഭേദഗതി ബില്ലുകളെന്നും ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു. നിയമസഭയിൽ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലുകൾ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

വൈസ് ചാൻസലർമാർ ചില ബാഹ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങി തീരുമാനങ്ങൾ എടുക്കുന്ന രീതി ഇപ്പോഴുണ്ടെന്നും ചിലപ്പോഴെങ്കിലും വൈസ് ചാൻസലർമാർ തങ്ങളുടെ അധികാരപരിധിക്ക് പുറത്ത് തീരുമാനമെടുക്കുകയും നിയമസംവിധാനങ്ങൾ ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടെന്നും മന്ത്രി പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയ പരിഷ്കാരങ്ങളെല്ലാം വിദ്യാർത്ഥികൾക്ക് അവർക്കവകാശപ്പെട്ട സേവനങ്ങൾ എത്രയും വേഗത്തിലും ഗുണമേന്മ ഉറപ്പാക്കിയും ലഭിക്കുന്നതിനുള്ളതാണ്. പരീക്ഷകളും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും എല്ലാം വേഗത്തിലും സമയനിഷ്ഠയോടെയും നടപ്പിലാക്കാൻ കഴിഞ്ഞു. കോവിഡിന്റെ കാലത്ത് താളം തെറ്റിപ്പോയ അക്കാദമിക് കലണ്ടർ എല്ലാ സർവ്വകലാശാലകളുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഏകീകരിച്ച് ചിട്ടയായി നടപ്പിലാക്കി. ഇതിലൂടെ വിദ്യാർത്ഥികൾ കാലാകാലങ്ങളായി അനുഭവിച്ചു വന്നിരുന്ന ഉത്കണ്ഠകൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടു.

കെ-റീപ്പ് എന്ന പേരിൽ സർക്കാർ നടപ്പിലാക്കിയ സമഗ്ര എന്റർപ്രൈസ് റിസോഴ്സ് സംവിധാനത്തിന്റെ ആദ്യ ഘട്ടം കണ്ണൂർ സർവ്വകലാശാല പൂർണ്ണമായും നടപ്പിലാക്കി. സർവ്വകലാശാല റിസൾട്ട് പ്രഖ്യാപിക്കുമ്പോൾ തന്നെ മാർക്ക് ലിസ്റ്റ് വിദ്യാർത്ഥിയുടെ മൊബൈൽ ഫോണിൽ ലഭ്യമാകുന്ന വേഗത കൈവരിക്കാൻ കഴിഞ്ഞു. സംസ്കൃതം, മലയാളം സർവ്വകലാശാലകൾ കെ-റീപ്പ് നടപ്പിലാക്കി വരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ ആദ്യപാദം നടപ്പിലായി. മറ്റു സർവ്വകലാശാലകളും കെ-റീപ്പ് നടപ്പിലാക്കുന്നതോടെ വിദ്യാർത്ഥികളുടെ അക്കാദമിക് രേഖകൾ കൈമാറുന്നതിനും പരിശോധിക്കുന്നതിനും കാലതാമസംവിനാ സാധ്യമാകും. കൂടാതെ മാർക്ക് ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് തുടങ്ങിയവയെല്ലാം ഡിജിറ്റലായി തത്സമയം ലഭിക്കുന്നതിനുള്ള സംവിധാനം തയ്യാറുമാണ്.എന്നാൽ, ഇതൊക്കെ പ്രാബല്യത്തിൽ വരുന്നതിന് സർവ്വകലാശാലാ നിയമപ്രകാരമുള്ള വിവിധ സംവിധാനങ്ങൾ സമയനിഷ്ഠയോടെ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. സർവ്വകലാശാലാ ഭരണ സംവിധാനത്തിൽ ഏറ്റവും പ്രമുഖമായ സിൻഡിക്കേറ്റുകൾ ആവശ്യാനുസരണം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളേണ്ട ധാരാളം സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി വരുന്നതും ഇനിയും നടപ്പിലാക്കേണ്ടതുമായ എല്ലാ പരിഷ്കരണ പ്രവർത്തനങ്ങൾക്കും നടുനായകത്വം വഹിക്കേണ്ടത് സർവ്വകലാശാലാ സിൻഡിക്കേറ്റുകളാണ്.നിലവിൽ സിൻഡിക്കേറ്റുകൾ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്നാണ് ആക്ടുകളിലും സ്റ്റാറ്റിയൂട്ടുകളിലും നിബന്ധന. അല്ലെങ്കിൽ വൈസ് ചാൻസലർക്ക് ആവശ്യമെന്ന് തോന്നിയാൽ യോഗം ചേരാമെന്നും നിബന്ധനയുണ്ട്. ഇതോടൊപ്പം സിൻഡിക്കേറ്റിലെ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലമാശ്യപ്പെട്ടാൽ ഏഴു ദിവസത്തിനകം സിൻഡിക്കേറ്റ് യോഗം വിളിച്ച് ചേർക്കുന്നതിന് വൈസ്ചാൻസലറെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തുന്ന ഭേദഗതിയാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്.വൈസ് ചാൻസലർ എന്ന വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല സിൻഡിക്കേറ്റുകൾ പ്രവർത്തിക്കേണ്ടത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളാണ് സിൻഡിക്കേറ്റുകൾ. വിദ്യാർത്ഥികളും രക്ഷിതാക്കളും അടങ്ങുന്ന പൊതുസമൂഹത്തിന്റെ ഇച്ഛയ്ക്കനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തെ രൂപപ്പെടുത്തിയെടുക്കാനുള്ള ഉത്തരവാദിത്തം പ്രധാനമായും ഏറ്റെടുക്കേണ്ടത് സിൻഡിക്കേറ്റുകളാണ്. അവയുടെ പ്രവർത്തനം വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഒതുങ്ങേണ്ടതല്ല.സംസ്ഥാനത്തിന് യോജിക്കാത്തതും ഇവിടത്തെ ജനത ഉൾക്കൊള്ളാത്തതുമായ ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും ഒളിച്ചുകടത്താനുള്ള ശ്രമങ്ങൾ കാണാതെയിരുന്നു കൂടായെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

# സുരക്ഷിത വിദേശ തൊഴിൽ കുടിയേറ്റം: നോർക്ക ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ്-2025 നാളെ തിരുവനന്തപുരത്ത്

വിദേശ തൊഴിൽ കുടിയേറ്റ നടപടികളിൽ സുതാര്യതും സുരക്ഷിതത്വവും ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേരള പ്രവാസി കേരളീയ കാര്യ വകുപ്പും (നോർക്ക) കേന്ദ്ര വിദേശകാര്യ മന്ത്രായത്തിനു കീഴിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസും (തിരുവനന്തപുരം, കൊച്ചി) സംയുക്തമായി സംഘടിപ്പിക്കുന്ന ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് നാളെ (2025ഒക്ടോബർ 7ന്, രാവിലെ 10.30 ന്) മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ ചേരുന്ന കോൺക്ലേവിൽ വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ, സംസ്ഥാന സർക്കാർ പ്രതിനിധികൾ, നൈപുണ്യ വികസന ഏജൻസികളിൽ നിന്നും, സംസ്ഥാനത്തെ അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നുമുള്ള പ്രതിനിധികൾ, കുടിയേറ്റ മേഖലയിലെ അന്താരാഷ്ട്ര വിദഗ്ധർ, തുടങ്ങിയവർ സംബന്ധിക്കും. വിദേശ തൊഴിൽ റിക്രൂട്ട്മെന്റുകളിലെ നവീകരണം, സുരക്ഷിതത്വം, പരസ്പര സഹകരണം തുടങ്ങിയ വിവിധ വിഷയങ്ങൾ കോൺക്ലേവിൽ ചർച്ച ചെയ്യും.

വിദേശരാജ്യങ്ങളിലെ ഭാവി തൊഴിൽ സാധ്യതകളും മേഖലകളും, ഗ്ലോബൽ വർക്ക്ഫോഴ്സ് ലീഡർഷിപ്പിനായുള്ള കേരളത്തിന്റെ ദർശനം, ഭാവി സാധ്യതകൾക്കായി കേരളത്തിൽ ടാലന്റ് ബേസ്, സുതാര്യവും ചൂഷണരഹിതവുമായ റിക്രൂട്ട്മെന്റ് നടപടികൾ, നയ രൂപീകരണത്തിനായുള്ള ഓപ്പൺ ഹൗസ് എന്നീ സെഷനുകൾ ഉൾക്കൊള്ളുന്നതാണ് കോൺക്ലേവ്.

വിദേശ തൊഴിൽ റിക്രൂട്ട്മെന്റിലെ മാറുന്ന കാഴ്ചപാടുകൾ സാധ്യതകൾ, ഭാവിയിലെ മാനവവിഭവശേഷിക്കാവശ്യമായ നൈപുണ്യ വികസനം, അക്കാദമിക് തയ്യാറെടുപ്പുകൾ, മൈഗ്രന്റ് മാപ്പിങ്, റിക്രൂട്ട്മെന്റ് ഏജൻസികൾ നേരിടുന്ന വെല്ലുകളിൽ എന്നിവയെല്ലാം കോൺക്ലേവിൽ ചർച്ചയാകും.

വ്യവസ്ഥാപിതവും സുരക്ഷിതവുമായ തൊഴിൽ കുടിയേറ്റത്തിന് ദേശീയ തലത്തിൽ സ്വീകരിക്കേണ്ട നടപടികളും കോൺക്ലേവ് ചർച്ച ചെയ്യും. എമിഗ്രേഷൻ ആക്ടിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള റിക്രൂട്ട്മെന്റ് പ്രോൽസാഹിപ്പിക്കുക, അന്താരാഷ്ട്ര തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് റിക്രൂട്ട്മെന്റ് ഏജൻസികൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുക, സുതാര്യവും സുരക്ഷിതവുമായ കുടിയേറ്റത്തിനായുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക, കേന്ദ്ര, സംസ്ഥാന സർക്കാറുകൾ, വിവിധ ഏജൻസികൾ, വിദേശ തൊഴിൽ ദാതാക്കൾ, സ്ഥാപനങ്ങൾ, സർക്കാറുകൾ എന്നിവയുമായി ബന്ധം ശക്തമാക്കുക, കേരളത്തെ ആഗോള തൊഴിൽ സാധ്യതകൾക്കായി വിദഗ്ധ തൊഴിലാളികളുടേയും പ്രൊഫഷണലുകളുടേയും ഹബ്ബാക്കി ഉയർത്തുക എന്നതും പ്രധാന ലക്ഷ്യങ്ങളാണ്.

ആരോഗ്യ മേഖലയിലെ ആഗോള ടാലന്റ് പൂളായി കേരളത്തെ അവതരിപ്പിക്കുക, സ്കിൽ മാപ്പിങ്, വ്യവസ്ഥാപിതവും സുരക്ഷിതവുമായ വിദേശ തൊഴിൽ കുടിയേറ്റത്തെ പ്രോൽസാഹിപ്പിക്കുന്ന കേരളത്തിന്റെ പ്രതിബദ്ധത ഉയർത്തിപ്പിടിക്കുക എന്നതും കോൺക്ലേവ് ലക്ഷ്യമിടുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# അക്കാദമിക നേട്ടങ്ങൾ സാമൂഹിക പുരോഗതിക്ക് ഉയോഗിക്കണം: ഗവർണർ

അക്കാദമിക നേട്ടങ്ങൾ സാമൂഹിക പുരോഗതിക്ക് ഉപയോഗിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അഭിപ്രായപ്പെട്ടു. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മൂന്നാമത് ബിരുദദാനം കാര്യവട്ടം ഗ്രീൻഫീൽഡ് ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സർട്ടിഫിക്കറ്റുകളും മെഡലുകളും സമൂഹത്തിന്റെ പുരോഗതിക്ക് ഉതകുന്നതാകണം. ബിരുദ നേട്ടം ജീവിതത്തെ അർഥപൂർണമാക്കാനുള്ള ഭാവിലേക്കുള്ള വഴിയായി മാറണമെന്നും, ലക്ഷ്യങ്ങൾ ഇനി എന്ത് ചെയ്യണം, എപ്പോൾ ചെയ്യണം എന്നതിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. തൊഴിൽ നേടുക എന്നതിനപ്പുറം മറ്റുള്ളവർക്ക് ജോലി നൽകുക എന്നതായിരിക്കണം ലക്ഷ്യം. മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട പലരും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്താതിരിക്കുന്നത് അതിശയകരമാണെന്നും, എന്നാൽ ലിസ്റ്റിൽ ഇല്ലാത്ത പലരും മികച്ച സംഭാവന നൽകുന്നവരായി മാറിയിട്ടുണ്ടെന്നും ഗവർണർ ചൂണ്ടിക്കാട്ടി. ഡിഗ്രിക്കും ശതമാനത്തിനും അപ്പുറം, നാളെകളിൽ എന്ത് ചെയ്യുമെന്ന തീരുമാനത്തിനാകണം പ്രസക്തി. രാജ്യത്തിന് അഭിമാനമായ വിദ്യാഭ്യാസ സ്ഥാപനമാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള. ഡിജിറ്റലൈസേഷൻ പരിസ്ഥിതിയെ സംരക്ഷിക്കും. ഇൻകുബേഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള സാകര്യങ്ങളുള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ വിദ്യാഭ്യാസം പൂർത്തീകരിച്ചവരെന്ന നിലയിൽ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർഥികൾക്ക് കഴിയും. ജീവിതത്തിൽ പരാജയങ്ങളുണ്ടാകും, എന്നാൽ അതിനുപ്പുറം വിജയത്തിലേക്കെത്താൻ കഴിയുമെന്ന വിശ്വാസം ഉണ്ടാകണമെന്നു ഗവർണർ പറഞ്ഞു. ചടങ്ങിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള വൈസ് ചാൻസലർ ഡോ. സിസ തോമസ്, ബോർഡ് ഓഫ് ഗവേണൻസ് ചെയർമാൻ പ്രൊഫ. വിജയ് ചന്ദ്രു, ഡോ. ടി പി ശ്രീനിവാസൻ എന്നിവരും സംബന്ധിച്ചു.



എയർ ഇന്ത്യ എക്സ്പ്രസ് പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയനെ നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേമ്പറിൽ സന്ദർശിച്ചപ്പോൾ

# വിമാന സർവ്വീസുകൾ തിരിച്ചുകൊണ്ടുവരുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്

ശൈത്യകാല ഷെഡ്യൂളിൽ കേരളത്തിൽ നിന്നുള്ള വിമാന സർവ്വീസുകളിൽ താൽക്കാലിക വെട്ടിക്കുറവ് മാത്രമാണ് വരുത്തിയതെന്നും പലതും തിരിച്ചു കൊണ്ടു വരുമെന്നും എയർ ഇന്ത്യ എക് സ്പ്രസ് അധികൃതർ മുഖ്യമന്ത്രി പിണറായി വിജയന് ഉറപ്പു നൽകി. നിയമസ യിലെ മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്. 2025 ഒക്ടോബർ അവസാനം മുതൽ മാർച്ച് 26 വരെ നീണ്ടു നിൽക്കുന്ന ശൈത്യകാല ഷെഡ്യൂളിൽ എയർ ഇന്ത്യ എക് സ്പ്രസ് കേരളത്തിൽ നിന്നുള്ള വിമാന സർവ്വീസുകളിൽ ഗണ്യമായ കുറവ് വരുത്തിയത് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടിയപ്പോഴായിരുന്നു അധികൃതരുടെ പ്രതികരണം. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ആഴ്ചയിൽ 42 വിമാന സർവ്വീസുകളുടെ കുറവുണ്ട്. കോഴിക്കോടും കൊച്ചിയിലും നിന്നുള്ള വിമാനങ്ങളുടെ എണ്ണത്തിലും കുറവു വരുത്തി. അതേ സമയം കേരളത്തിൽ നിന്നുള്ള വിമാനങ്ങൾ മറ്റ് വിമാനത്താവളങ്ങളിലേക്ക് തിരിച്ചു വിടുകയാണ്. അവയിൽ പലതും സ്വകാര്യ ഉടമസ്ഥതയിലുള്ളതാണ്. അതുവഴി കേരളത്തിൻറെ പൊതു അടിസ്ഥാന സൗകര്യങ്ങളോട് വിവേചനം കാണിക്കുന്നു.

ആവശ്യകത ഏറ്റവും കൂടുതലുള്ള സമയത്ത് സേവനങ്ങൾ വെട്ടിക്കുറക്കുന്നത് നീതീകരിക്കാനാവത്തതാണ്. ഗൾഫ് മേഖലയിൽ രണ്ടര ദശലക്ഷത്തിലധികം പ്രവാസികളുള്ള കേരളത്തെ സേവനങ്ങളിലെ തടസ്സമോ കുറവോ വലിയ രീതിയിലാണ് ബാധിക്കുന്നത്. കണ്ണൂർ, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽ നിന്നുള്ള റദ്ദാക്കിയ വിമാനങ്ങൾ പുനഃസ്ഥാപിക്കണമെന്നും കേരളത്തിൽ വേരുകളുള്ള ദേശീയ വിമാന കമ്പനി എന്ന നിലയിൽ എയർ ഇന്ത്യ എക് സ്പ്രസ് സംസ്ഥാനത്തോട് വിവേചനം കാണിക്കുന്നില്ല എന്ന് ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ദശലക്ഷക്കണക്കിന് പൗരന്മാരെ ബാധിക്കുന്ന ഇത്തരം കാര്യങ്ങൾ ഏകപക്ഷീയമായി എടുക്കാതിരിക്കാൻ സംസ്ഥാന സർക്കാരുമായി കൂടിയാലോചനാ സംവിധാനം ഉണ്ടാകണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ശൈത്യകാലങ്ങളിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ കൂടിയ ആവശ്യം പരിഗണിച്ചാണ് ഷെഡ്യൂളുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയതെന്ന് എയർ ഇന്ത്യ എക്സ്പ്രസ് അധികൃതർ പറഞ്ഞു. 2026 ഓടെ കേരളത്തിലേക്കുള്ള അന്താരാഷ്ട്ര സർവ്വീസുകളുടെ എണ്ണം 231 ആയും ആ ്യന്തര സർവ്വീസുകളുടെ എണ്ണം 245 ആയും വർധിപ്പിക്കും. ഇതോടെ ശൈത്യകാലത്തിൽ വരുത്തിയ കുറവ് പരിഹരിക്കപ്പെടും. ഫുജൈറ, മെദീന, മാലി, സംഗപൂർ, ലണ്ടൻ, ബാങ്കോക്ക് എന്നിവിടങ്ങളിലേക്ക് പുതിയ സർവ്വീസുകൾ തുടങ്ങും. ബംഗ് ളുരൂ വഴിയോ സിംഗപൂർ വഴിയോ ആസ് ട്രേലിയ – ജപ്പാൻ സർവ്വീസ് ആരം 1ക്കുന്ന കാര്യവും പരിഗണിക്കും. ഓണം, ക്രസ്തുമസ്, പുതുവർഷം തുടങ്ങിയ സീസണുകളിൽ അധിക വിമാനങ്ങൾ ഗൾഫ് മേഖലയിൽ സർവ്വീസ് നടത്താൻ നടപടിയെടുക്കും. തിരുവനന്തപുരത്തിനും ഡൽഹിക്കും ഇടയിൽ ബിസിനസ് ക്ലാസുള്ള വിമാനം പരിഗണിക്കും. തിരുവനന്തപുരം – ദുബായ് പോലുള്ള സെക്ടറുകളിൽ കുറവ് വരുത്തിയ വിമാനങ്ങൾ ഈ സീസണിൽ തന്നെ മടക്കിക്കൊണ്ടു വരുമെന്നും അധികൃതർ വ്യക്തമാക്കി. തിരുവനന്തപുരം, കണ്ണൂർ എയർപോർട്ടുകളുമായി ബന്ധപ്പെട്ട പ്രശ് നങ്ങൾ എയർപോർട്ട് അധികാരികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാലിനെ ചുമതലപ്പെടുത്തി. കണ്ണൂർ വിമാനത്താവള അധികൃതരുമായി വിശദമായ ചർച്ച നാളെ കൊച്ചിയിൽ നടക്കും. തിരുവനന്തപുരം വിമാനത്താവളവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാനേജ് മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്.

യോഗത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ , എയർ ഇന്ത്യ എക് സ്പ്രസ് ചെയർമാൻ നിപുൻ അഗർവൾ, എം ഡി അലോക് സിങ്ങ്, വൈസ് പ്രസിഡന്റ് അ 1ഷേക് ഗാർഗ്, അസോസിയേറ്റ് വൈസ് പ്രസിഡന്റ് പി ജി പ്രഗീഷ് തുടങ്ങിയവർ പങ്കെടുത്തു.

# സ്വർണപ്പാളി വിവാദം: പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണപ്പാളി വിവാദത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ഹൈക്കോടതി. എഡിജിപി എച്ച്. വെങ്കടേശിന്റെ നേതൃത്വത്തിലായിരിക്കും അന്വേഷണം. അഞ്ച് പേരായിരിക്കും അന്വേഷണ സംഘത്തിലുണ്ടാകുക.

ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നും ഹൈക്കോടതി നിർദേശിക്കുന്നു. അന്വേഷണ റിപ്പോർട്ട് പുറത്തുവിടരുതെന്നും കോടതി വ്യക്തമാക്കി.

അതേസമയം ശബരിമല ക്ഷേത്രം ശ്രീകോവിലിനു മുന്പിലെ ദ്വാരപാലക ശില്പത്തിലെ സ്വർണം പൂശലുമായി ബന്ധപ്പെട്ട വിവാദത്തിനിടെ ദേവസ്വം ബോർഡിലെ ചില മുൻ ഉദ്യോഗസ്ഥർ നടത്തിയ വെളിപ്പെടുത്തലുകൾ നിർണായകമായത്. 2019ൽ 14 ചെമ്പുപാളികളാണ് സ്വർണം പൂശാൻ നൽകിയതെന്ന കരാറുകാരന്റെ മൊഴിയാണ് വിവാദമായത്. ദാരുശില്പത്തിൽനിന്ന് അറ്റകുറ്റപ്പണികൾക്കായി പാളികൾ ഇളക്കിയെടുത്തപ്പോൾ ദേവസ്വം മഹസറിൽ ചെമ്പ് പാളികളാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു ശരിയല്ലെന്നും സ്വർണപ്പാളികൾ തന്നെയാണ് കൊടുത്തുവിട്ടതെന്നും അന്ന് ശബരിമലയുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയിരുന്നു.

42.8 കിലോഗ്രാം തൂക്കമുണ്ടായിരുന്ന പാളികൾ തിരികെ എത്തിയപ്പോൾ 4.41 കിലോഗ്രാം കുറഞ്ഞുവെന്നാണ് പറയുന്നത്. ദേവസ്വം പ്രതിനിധി പോലുമില്ലാതെയാണ് കരാറുകാരനായ ഉണ്ണിക്കൃഷ്ണൻ പാളികളുമായി ചെന്നൈയിലേക്ക് പോയത്.

39 ദിവസങ്ങൾക്കുശേഷമാണ് ഈ പാളികൾ ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻ എന്ന സ്ഥാപനത്തിലെത്തിയത്. തങ്ങൾക്കു ലഭിച്ചത് ചെന്പുപാളികളാണെന്നും അതിൽ സ്വർണം പൂശുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും സ്ഥാപനം വിശദീകരിച്ചിട്ടുണ്ട്. ഇത് ദേവസ്വം ബോർഡ് രേഖപ്പെടുത്തിയിട്ടുമുണ്ട്. ദ്വാരപാലക പാളികൾ സ്വർണം പൂശാനായി പുറത്തു കൊണ്ടുപോയത് ആരുടെ അനുമതിയോടെയെന്നും വ്യക്തമല്ല. ദേവസ്വം ചട്ടപ്രകാരം ഇതു സാധ്യമല്ല. ഇക്കാര്യം മുൻ ദേവസ്വം ബോർഡ് പ്രസിഡന്റുമാരും സാക്ഷ്യപ്പെടുത്തുന്നു. പാളികൾക്ക് 40 വർഷം വാറൻറിയുള്ളതാണെന്നും ചെന്നൈയിൽ സ്വർണ പൂശിയ സ്ഥാപനംതന്നെ ഇതു ശരിയാക്കി നൽകുമെന്നും ഉണ്ണിക്കൃഷ്ണൻ പോറ്റി പറഞ്ഞതു പ്രകാരമാണ് കൊടുത്തുവിട്ടതെന്നാണ് ദേവസ്വം ബോർഡിന്റെ നിലപാട്.

ഇതോടെയാണ് അന്വേഷണം ഹൈക്കോടതി പ്രത്യേക സംഘത്തെ നിയോഗിച്ചത്. അന്വേഷണത്തെ സ്വാഗതം ചെയ്യുന്നതായി ദേവസ്വംമന്ത്രി വി. എൻ. വാസവൻ പറഞ്ഞു.

# കച്ചവട പങ്കാളിത്തം നൽകാമെന്ന് പറഞ്ഞ് തട്ടിപ്പ്; യുവാവ് അറസ്റ്റിൽ

കൽപ്പറ്റ: കച്ചവട പങ്കാളിത്തം നൽകാമെന്ന് വിശ്വസിപ്പിച്ച് വയനാട് തൃക്കൈപ്പറ്റ സ്വദേശിയിൽ നിന്നും ലക്ഷങ്ങൾ തട്ടിയെടുത്ത യുവാവ് അറസ്റ്റിൽ. കാക്കവയൽ കളത്തിൽ വീട്ടിൽ അഷ്കർ അലി (36) നെയാണ് കൽപ്പറ്റ പോലീസ് അറസ്റ്റ് ചെയ്തത്. വലിയ ലാഭം ലഭിക്കുന്ന സീറ്റ് കവർ ബിസിനസിൽ പങ്കാളിയാക്കാമെന്ന് വിശ്വസിപ്പിച്ചാണ് ലക്ഷങ്ങൾ തട്ടിയത്. ഒരു സീറ്റ് കവറിന് 2500 മുതൽ 3000 രൂപ വരെ ലാഭം ലഭിക്കുമെന്ന് വിശ്വസിപ്പിച്ച് 29,20, 000 രൂപ ഇയാൾ തട്ടിയെടുത്തെന്ന് പരാതിയിൽ പറയുന്നു. പണം മുഴുവൻ ലഭിച്ചതിന് ശേഷം ലാഭ വിഹിതം കിട്ടാതെ വന്നതോടെ പോലീസിൽ പരാതി നൽകുകയായിരുന്നു. ഇയാൾ സമാനമായ തട്ടിപ്പ് നടത്തിയിട്ടുണ്ടോയെന്നും പോലീസ് അന്വേഷിക്കുന്നുണ്ട്.

# അധ്യാപകർ കുട്ടികളുടെ സംരക്ഷകരാണെന്ന് ബാലവകാശ കമ്മീഷൻ

അധ്യാപകർ കുട്ടികളുടെ സംരക്ഷകരും കാവൽക്കാരുമാണെന്നും, ആ രീതിയിൽ സമൂഹത്തിൽ അധ്യാപകരുടെ ഉത്തരവാദിത്തം വളരെ വലുതാണെന്നും സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ പറഞ്ഞു. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എന്തെങ്കിലും നടപടിപ്പിഴകൾ ഉണ്ടോ എന്ന് പരിശോധിക്കുക മാത്രമാണ് കമ്മീഷൻ ചെയ്യുന്നത്. ബാലാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച അധ്യാപക പരിശീലനം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സോഷ്യൽ എഞ്ചിനീയറിംഗിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് അധ്യാപകരാണ്. നാളത്തെ രാഷ്ട്ര പുനർനിർമാണത്തിന് ഉതകുന്ന അവബോധമുള്ള ജനതയെ സൃഷ്ടിക്കാൻ കുട്ടികളിൽ നിന്നും ആരംഭിക്കണം. സമൂഹത്തിലെ വിഷാശം അകറ്റാൻ കഴിയുന്നവരാണ് അധ്യാപകർ. കുട്ടികളെല്ലാം മോശക്കാരാണെന്ന് കരുതിയുള്ള സമീപനം അധ്യാപകർ സ്വീകരിക്കരുത്. മുതിർന്നവർ കാണിക്കുന്ന മാതൃകകളാണ് കുട്ടികൾ പകർത്തുന്നത്. കുട്ടികളെ ശരിയായ ദിശയിൽ നയിക്കേണ്ടുന്ന മാതൃകയാവണം അധ്യാപകരെന്നും അദ്ദേഹം പറഞ്ഞു.

അധ്യാപകർക്ക് മേലുള്ള അമിതമായ ഉത്തരവാദിത്തങ്ങൾ കമ്മീഷൻ തിരിച്ചറിയുന്നു. കുടുംബശ്രീയുടെ തിരഞ്ഞെടുപ്പിന് പോലും അധ്യാപകരെ ഉത്തരവാദിത്തപ്പെടുത്തുന്ന സംവിധാനത്തിൽ കമ്മീഷൻ ഇടപെട്ടിട്ടുണ്ട്. ഇത്തരം ചുമതലകൾ അധ്യാപകരിൽ സമ്മർദ്ദം കൂട്ടുന്നുണ്ട്. ഈ സമ്മർദ്ദങ്ങൾ കുട്ടികളിലേക്ക് നൽകുന്ന രീതിയിൽ എത്തരുത്. കുട്ടികളുമായി ബന്ധപ്പെട്ട ലഹരി, പോക്സോ കേസുകൾ ഉൾപ്പെട്ടതോ ആയ വിഷയങ്ങളിൽ അധ്യാപകർ സ്വയം ഇടപെടുന്നതിന് പകരം അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയാണ് വേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി.ചടങ്ങിൽ കമ്മീഷൻ അംഗം ഡോ. എഫ് വിൽസൺ അധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗം സിസിലി ജോസഫ്, തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ സുജ എന്നിവർ പങ്കെടുത്തു.കേരളത്തിലെ 2660 സർക്കാർ, എയ്ഡഡ് ഹൈസ്കൂളിലെ ഓരോ അധ്യാപകർക്ക് വീതം ബാലാവകാശ കമ്മിഷൻ പരിശീലനം നൽകുന്ന പരിപാടിയുടെ സമാപനമാണ് തിരുവനന്തപുരത്ത് സെന്റ് പിറ്റേഴ്സ് യാക്കോബായ കത്തീഡ്രൽ ഹാളിൽ നടന്നത്. പരിശീലനത്തിന്റെ ഒന്നാംഘട്ടം കോഴിക്കോട് കാസർകോട് കണ്ണൂർ മലപ്പുറം വയനാട് പാലക്കാട് തൃശൂർ ജില്ലകളിൽ കഴിഞ്ഞ ആഗസ്റ്റ് 11 മുതൽ 20വരെ സംഘടിപ്പിച്ചിരുന്നു. ഇടുക്കി എറണാകുളം ആലപ്പുഴ കോട്ടയം പത്തനംതിട്ട കൊല്ലം തിരുവനന്തപുരം ജില്ലകളിലെ അധ്യാപകർക്ക് സെപ്റ്റംബർ 22 ന് ആരംഭിച്ച പരിശീലനത്തിന്റെ രണ്ടാം ഘട്ടമാണ് ഇന്ന് പൂർത്തിയാകുന്നത്.കുട്ടികളുടെ അവകാശങ്ങൾ, മാനസികാരോഗ്യം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. കൗമാര പ്രായക്കാരായ കുട്ടികൾക്ക് ഉണ്ടാകുന്ന ശാരീരികവും മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ നേരിടാൻ അവരെ പ്രാപ്തരാക്കാനും സാമൂഹ്യ മാധ്യമ സാക്ഷരത, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ സെക്യൂരിറ്റി തുടങ്ങിയ ഏറ്റവും പ്രാധാന്യമുള്ള വിഷയങ്ങളിൽ അവബോധം വളർത്തുന്നതിനും പരിശിലനം ലക്ഷ്യമിടുന്നു. പരിശീലനം ലഭിച്ച അധ്യാപകർ അവരുടെ സ്കൂളിലെ മറ്റ് അധ്യാപകരിലും 8 ,9, 10, ക്ലാസുകളിലെ കുട്ടികളിലും അവബോധം സൃഷ്ടിക്കും. ഡിസംബറോടെ സംസ്ഥാനത്തെ മുഴുവൻ സർക്കാർ -എയ്ഡഡ് ഹൈസ്കൂൾ കുട്ടികൾക്കും ഈ രീതിയിൽ പരിശീലനം നൽകുന്നതിനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്.




ബാലവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന അധ്യാപക പരിശീലന പരിപാടി കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ ഉദ്ഘാടനം ചെയ്യുന്നു

# കൊല്ലം എഴുകോണിൽ പോലീസുകാരെ ആക്രമിച്ച സംഭവം; പ്രതികൾ അറസ്റ്റിൽ

കൊല്ലം: എഴുകോണിൽ പോലീസുകാരെ ആക്രമിച്ച പ്രതികൾ അറസ്റ്റിൽ. ഇരുമ്പനങ്ങാട് സ്വദേശി സുനിൽ കുമാർ, മാറനാട് സ്വദേശികളായ അനന്തു, മഹേഷ് എന്നിവരാണ് അറസ്റ്റിലായത്. മദ്യലഹരിയിൽ ആയിരുന്ന പ്രതികൾ സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ടിരുന്നു. സഹായത്തിനെത്തിയ പോലീസിനോടും നാട്ടുകാരോടും പ്രതികൾ തട്ടിക്കയറി. പിന്നാലെ സ്ഥലത്ത് എത്തിയ എസ്ഐ രജിത്തിനെയും മറ്റ് പോലീസുകാരെയും പ്രതികൾ അസഭ്യം പറഞ്ഞ് ആക്രമിക്കുകയായിരുന്നു. പോലീസ് വാഹനത്തിനും കേടുപാടുകൾ വരുത്തി. അനന്തുവും മഹേഷും നിരവധി കേസുകളിൽ പ്രതികളാണെന്ന് പോലീസ് അറിയിച്ചു.

# അതിരപ്പിള്ളിയിൽ വിനോദസഞ്ചാരികൾ സഞ്ചരിച്ച കാർ ഡിവൈഡറിൽ ഇടിച്ച് കത്തി

തൃശൂർ: അതിരപ്പിള്ളി വെറ്റിലപ്പാറയിൽ വിനോദസഞ്ചാരികൾ സഞ്ചരിച്ച കാർ ഡിവൈഡറിൽ ഇടിച്ച് കത്തി. ഞായറാഴ്ച വൈകുന്നേരം ഏഴിന് വെറ്റിലപ്പാറ ഡിവൈഡറിൽ ഇടിച്ചാണ് കാർ കത്തിയത്. അതിരപ്പള്ളിയിൽ നിന്നും ചാലക്കുടി ഭാഗത്തേക്ക് വന്ന തൃശൂർ സ്വദേശികളായ വിനോദസഞ്ചാരികളുടെ കാറിനാണ് തീപിടിച്ചത്. നാലു മുതിർന്നവരും മൂന്ന് കുട്ടികളും ഉൾപ്പെടെ വാഹനത്തിൽ ഏഴ് പേരാണ് ഉണ്ടായിരുന്നത്.

# നിഷ്-ൽ പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 15. വിശദവിവരങ്ങൾക്ക്: http://nish.ac.in/others/career.